REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 15-03-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- **ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം.**
- **ലോക്സഭാ മണ്ഡലങ്ങളുടെ പുനർ നിർണയത്തിൽ കേന്ദ്രഗവൺമെന്റ് സമവായത്തോടെ തീരുമാനമെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളുടെ പ്രവർത്തനം ഇന്ന് ആരംഭിക്കും.**
- **മുണ്ടക്കൈ- ചൂരൽമല പുനരധിവാസത്തിന് 29 ഗുണഭോക്താക്കൾ സമ്മതപത്രം നൽകി.**
- **വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും.**

## വാർത്തകൾ വിശദമായി

ഇന്ന് ലോക ഉപഭോക്തൃ അവകാശ ദിനം. ഉപഭോക്താ വിന്റെ അവകാശങ്ങളും സംരക്ഷണവും ഉയർത്തിപ്പിടിക്കേ ണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഓർമ്മപ്പെടുത്തലായാണ് എല്ലാ വർഷവും മാർച്ച് 15 ലോക ഉപഭോക്തൃ അവകാശ ദിനമായി ആചരിക്കുന്നത്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...

എല്ലാ ഉപഭോക്താക്കളുടെയും അടിസ്ഥാന അവകാശങ്ങളെ പിന്തുണയ്ക്കാനും, അവകാശങ്ങൾ സംരക്ഷിക്കപ്പെടാനും ലഭിക്കുന്ന അവസരമാണ് ലോക ഉപഭോക്തൃ അവകാശ ദിനം. “സുസ്ഥിര ജീവിത

ശൈലിയിലേക്ക്  നീതിയുക്തമായ പരിവർത്തനം" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

ഉപഭോക്താക്കളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന തിനും അവരുടെ പരാതികൾ കാലതാമസമില്ലാതെ പരിഹരിക്കുന്നതിനും ഗവൺമെന്റ് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാതി പരിഹാരം വേഗത്തിലാക്കാൻ ദേശീയ ഉപഭോക്തൃ ഹെൽപ് ലൈൻ ആയിരത്തിലധികം കമ്പനികളുമായി പങ്കാളിത്തത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ഇ-കൊമേഴ്സിലെ അന്യായ വ്യാപാര രീതികളിൽ നിന്ന് ഉപഭോക്താക്കളെ സംരക്ഷിക്കുന്നതിന്, ഉപഭോക്തൃ കാര്യവകുപ്പ് ഉപഭോക്തൃ സംരക്ഷണനിയമം-2020 പുറത്തിറക്കിയിട്ടുണ്ട്.

✪✪✪

ലോക്സഭാ മണ്ഡലങ്ങളുടെ പുനർ നിർണയത്തിൽ സമവായത്തോടെ തീരുമാനമെടുക്കാൻ കേന്ദ്രഗവൺമെന്റ് തയ്യാറാകണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രസ്താവനയിൽ ആവശ്യപ്പെട്ടു.  സംസ്ഥാനങ്ങളിലെ ഇപ്പോഴത്തെ സീറ്റുകളുടെ എണ്ണത്തിൽ കുറവു വരാത്ത തരത്തിലായിരിക്കണം പുനർ നിർണയം. ജനസംഖ്യാ നിയന്ത്രണ പദ്ധതി വിജയകരമായി നടപ്പാക്കിയ സംസ്ഥാനങ്ങളെ ശിക്ഷിക്കുന്ന രീതിയിലാകരുത് നടപടിയെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.  തെക്കൻ സംസ്ഥാനങ്ങളുടെ ഇക്കാര്യത്തിലെ ആശങ്ക മുഖ്യമന്ത്രി  കേന്ദ്രത്തെ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ DYSP, ACP  ഓഫിസുകളുടെ പരിധിയിൽ കുടുംബശ്രീ സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകളുടെ പ്രവർത്തനം ഇന്ന് ആരംഭിക്കും. സംസ്ഥാനതല പരിപാടി  പാലക്കാട്ട് മന്ത്രി MB  രാജേഷ് ഉദ്ഘാടനം ചെയ്യും.

വിശദാംശങ്ങളുമായി പാലക്കാട് പ്രതിനിധി ഫൈസൽ അലിമുത്ത്.

.....(വോയ്സ്)..........

ആഭ്യന്തര വകുപ്പുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് വൈകിട്ട് പാലക്കാട് ടൗൺ സൗത്ത് പൊലീസ് സ്റ്റേഷനിലെ ഡിവൈ.എസ്.പി ഓഫിസിലാണ്   നടക്കുന്നത്..

പാലക്കാട് ജില്ലയിൽ  പുതുനഗരം ഒറ്റപ്പാലം വടക്കഞ്ചേരി പൊലീസ് സ്റ്റേഷനുകളിലും പാലക്കാട് മണ്ണാർക്കാട് ഡിവൈ.എസ്.പി ഓഫിസുകളിലുമാണ് സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകൾ ആരംഭിക്കുന്നത്..പൊലീസ് സ്റ്റേഷനിൽ എത്തുന്ന ലിംഗാധിഷ്ഠിത

അതിക്രമങ്ങൾ, കുട്ടികളുമായി ബന്ധപ്പെട്ട കേസുകൾ, കുടുംബ പ്രശ്നങ്ങൾ, മാനസിക പിന്തുണ ആവശ്യമായ മറ്റ് കേസുകൾ എന്നിവയാണ് എക്സ്റ്റൻഷൻ സെന്ററിലേക്ക് റഫർ ചെയ്യുക. ഇത്തരം കേസുകൾ സ്റ്റേഷനിലെ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തും. ആഴ്ചയിൽ രണ്ട് ദിവസം പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ സെന്ററുകളിൽ വനിതാ-ശിശു സൗഹൃദമായ കൗൺസിലിങ് മുറി, ശുചിമുറി സൗകര്യം, കുടിവെള്ളം ,കുട്ടികൾക്കായി കളിപ്പാട്ടങ്ങൾ തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്

✪✪✪

ഇടുക്കി ജില്ലയിൽ വനിതാ സുരക്ഷയ്ക്ക് അഞ്ച് കേന്ദ്രങ്ങളിൽ ഇന്ന് സ്നേഹിത എക്സ്റ്റൻഷൻ സെന്ററുകൾക്ക് തുടക്കമാകും. തൊടുപുഴ, പീരുമേട്, കട്ടപ്പന, മൂന്നാർ, ഇടുക്കി എന്നിവിടങ്ങളിലെ DYSP ഓഫീസുകളിലാണ് ആദ്യഘട്ടത്തിൽ സെന്ററുകൾ ആരംഭിക്കുന്നത്.

✪✪✪

സംസ്ഥാനത്തെ കടകളുടെയും, വാണിജ്യസ്ഥാപന ങ്ങളുടെയും പുറത്ത് ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പുവരുത്തണമെന്ന് മന്ത്രി V ശിവൻകുട്ടി ആവശ്യപ്പെട്ടു. ഇരിപ്പിടം, കുട, കുടിവെള്ളം എന്നിവ ഇവർക്ക് നൽകണമെന്ന് തൊഴിൽവകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പല ജീവനക്കാരും മണിക്കൂറുകളോളം പ്രതികൂലകാലാവസ്ഥയിൽ അടിസ്ഥാനസൗകര്യങ്ങൾ ഒന്നുമില്ലാതെ ജോലി ചെയ്യുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് നിർദ്ദേശം.

✪✪✪

നിയമസഭാ സമ്മേളനത്തിന് ശേഷം റേഷൻ വ്യാപാര മേഖലാ പരിഷ്ക്കരണ സമിതി റിപ്പോർട്ടിൽ സംഘടനകളുമായി ചർച്ച നടത്തുമെന്ന് മന്ത്രി G R അനിൽ അറിയിച്ചു. റിപ്പോർട്ട് നേരത്തെ ലഭിച്ചിരുന്നെങ്കിലും ആധികാരിക ചർച്ചകളൊന്നും ഇതുവരെ നടന്നിട്ടില്ല. റിപ്പോർട്ടുമായി ബന്ധപ്പെട്ട് വരുന്ന മാധ്യമ വാർത്തകൾ ആശങ്ക സൃഷ്ടിക്കാൻ മാത്രമേ പ്രയോജനപ്പെടൂ എന്ന് മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഒൻപത് മാസമായി കുടുങ്ങിയ US ബഹിരാകാശ യാത്രികരായ സുനിത വില്യംസിനെയും, ബുച്ച് വിൽമോറിനെയും തിരികെ കൊണ്ടുവരാൻ ക്രൂ -10 ദൗത്യം ആരംഭിച്ചു. ഇന്ത്യൻ സമയം ഇന്ന് പുലർച്ച 4.33ന് സ്പേസ് എക്സിന്റെ ഡ്രാഗൺ ബഹിരാകാശ പേടകം

ഫാൽക്കൺ- 9 റോക്കറ്റിൽ ബഹിരാകാശത്തേക്ക് അയച്ചു. നാല് ബഹിരാകാശ യാത്രികരും പേടകത്തിലുണ്ട്.

✪✪✪

മുണ്ടക്കൈ- ചൂരൽമല പുനരധിവാസത്തിന് 29 ഗുണഭോക്താക്കൾ സമ്മതപത്രം നൽകി. ഗുണഭോക്തൃ പട്ടികയിലുൾപ്പെട്ട മേപ്പാടി ഗ്രാമപഞ്ചായത്തിലെ 10, 11, 12 വാർഡുകളിലെ 29 പേരിൽ 26 പേർ ടൗൺഷിപ്പിലെ വീടിനും, മറ്റു മൂന്നു പേർ സാമ്പത്തിക സഹായത്തിനുമാണ് സമ്മതപത്രം നൽകിയത്.

ടൗൺഷിപ്പ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഈ മാസം 24 വരെ സമ്മതപത്രം നൽകാം. അന്തിമ പട്ടിക ഏപ്രിൽ 20 ന് പ്രസിദ്ധീകരിക്കും.

✪✪✪

ദുരന്ത മേഖലയിലെ പുനരധിവാസത്തിന് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 27 കോടി 52 ലക്ഷം രൂപയുടെ 295 പ്രവർത്തികൾക്ക് ഭരണാനുമതി നൽകി. 293 പ്രവർത്തികളുടെ എസ്റ്റിമേറ്റും സാങ്കേതിക അനുമതിയും പൂർത്തിയാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചതായി ജോയിന്റ് കോ- ഓർഡിനേറ്റർ PC മജീദ് അറിയിച്ചു. മാർച്ച് അവസാനത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കും.

✪✪✪

മുണ്ടക്കൈ-ചൂരൽമല ദുരന്തപുനരധിവാസത്തിൽ ഗവൺമെന്റ് ഉത്തരവാദിത്വമില്ലാതെ പ്രവർത്തിക്കുക യാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ കുറ്റപ്പെടുത്തി. പലരും സഹായ വാഗ്ദാനങ്ങൾ നൽകിയിട്ടും നടപടികൾ വേഗത്തിലാക്കാൻ ഗവൺമെന്റ് തയ്യാറാവുന്നില്ല. കയ്യിൽ പണമുണ്ടെങ്കിലും, എട്ടുമാസമായി നടപടികൾ മുന്നോട്ടു പോയിട്ടില്ലെന്ന് അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. K.സാദിരിക്കോയ അനുസ്മരണവും T.സിദ്ദീഖിന് കർമശ്രേഷ്ഠ അവാർഡ് സമർപ്പണവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു വേണുഗോപാൽ.

✪✪✪

ഇടുക്കി പരുന്തുംപാറയിൽ ഗവൺമെന്റ് ഭൂമി കയ്യേറിയ വൻകിടക്കാരെ പുറത്താക്കണമെന്നും, കയ്യേറ്റത്തിന്റെ മറവിൽ സാധാരണക്കാരെ ഉപദ്രവിക്കാൻ പാടില്ലെന്നും CPIM ജില്ലാ സെക്രട്ടറിയേറ്റ് ആവശ്യപ്പെട്ടു. പ്രത്യേക അന്വേഷണ സംഘത്തിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ശക്തമായ നടപടിയെടുക്കണം. എന്നാൽ കയ്യേറ്റക്കാർക്കെതിരെ നടപടി

എടുക്കുന്നതിന്റെ പേരിൽ രണ്ട് വില്ലേജുകളിൽ നിരോധനാജ്ഞ ഏർപ്പെടുത്തിയതിനോട് യോജിക്കാൻ കഴിയില്ലെന്നും അവർ അറിയിച്ചു.

✪✪✪

വിദ്യാർത്ഥികളിലെ വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗവും അക്രമവാസനയും തടയുന്നതിന് SSLC, പ്ലസ് ടു പരീക്ഷകൾ അവസാനിക്കുന്ന ദിവസം സ്കൂളുകളിൽ ജാഗ്രതാ ദിനം ആചരിക്കാൻ കണ്ണൂർ ജില്ലാ ജാഗ്രത സമിതി തീരുമാനിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O. ശശിധരൻ.

....(വോയ്സ്)......

എസ്എസ്എൽസി പരീക്ഷ പൂർത്തിയാകുന്ന ഈ മാസം 26ന് എല്ലാ സ്കൂളുകളിലും ജാഗ്രത സമിതി രൂപീകരിച്ച് ജനകീയ ക്യാമ്പയിൻ തുടങ്ങും. അധ്യാപകരും രക്ഷിതാക്കളും തദ്ദേശസ്ഥാപന പ്രതിനിധികളും, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ യുവജന-വിദ്യാർത്ഥി സംഘടന പ്രതിനിധികളും സമിതിയിൽ അംഗങ്ങളായിരിക്കും. സ്കൂൾ തലത്തിലുള്ള സ്റ്റുഡന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് ശക്തിപ്പെടുത്താനും യോഗം തീരുമാനിച്ചതായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.രത്നകുമാരി അറിയിച്ചു. അവസാന പ്രവൃത്തി ദിവസങ്ങളിലും പരീക്ഷ കഴിയുന്ന ദിവസവും സ്കൂളിലെ ഫർണിച്ചറുകൾ, ടോയിലറ്റ് ഉൾപ്പെടെയുള്ള പൊതുമുതൽ നശിപ്പിക്കുന്ന പ്രവണത ചില വിദ്യാർത്ഥികൾക്കുണ്ടെന്നും അതിന്റെ പൂർണ ഉത്തരവാദിത്തം അവ നശിപ്പിക്കുന്ന കുട്ടികളുടെ രക്ഷിതാക്കൾക്ക് ഏറ്റെടുക്കാനും ജില്ലാതല ജാഗ്രതാ സമിതി യോഗത്തിൽ തീരുമാനമായി

✪✪✪

കോഴിക്കോട് കുന്ദമംഗലത്ത് 227 ഗ്രാം MDMA പിടികൂടിയ കേസിൽ രണ്ടു ടാൻസാനിയൻ സ്വദേശികളെ പൊലീസ് പിടികൂടി. ലഹരി മൊത്ത വിൽപ്പനക്കാരായ ഡേവിഡ് എന്റമി, അത്ക ഹറുണ എന്നിവരെയാണ് കോഴിക്കോട് സിറ്റി പൊലീസ് പഞ്ചാബിലെ ഫഗ്വാഡയിൽ നിന്ന് പിടികൂടിയത്. ലൌലി പ്രൊഫെഷനൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളാണ് രണ്ടു പേരും. ഡേവിഡിന്റെ അക്കൗണ്ടിൽ വൻതുക എത്തിയിട്ടുണ്ടെന്നും, അത്ക ഹറുണ എന്ന യുവതിയുടെ അക്കൗണ്ട് വഴി നോയിഡയിൽ പണം പിൻവലിച്ചിട്ടുണ്ടെന്നും കണ്ടെത്തി.

✪✪✪

പാലക്കാട് ജില്ലയിൽ കഴിഞ്ഞ 20 ദിവസത്തിനിടെ ലഹരി മരുന്ന് കടത്തും വിപണനവും ഉപയോഗവുമായി ബന്ധപ്പെട്ട് 333 പേരെ പൊലീസ് പിടികൂടി. ഇവരിൽ നിന്ന് 123 കിലോ കഞ്ചാവും, 196 ഗ്രാം MDAM യും, 122 ഗ്രാം മെത്താഫിറ്റമിനും, 9.2 ഗ്രാം ഹാഷിഷ് ഓയിലും കണ്ടെടുത്തതായി നർക്കോട്ടിക് സെൽ DYSP അറിയിച്ചു.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ഫൈനലിൽ ഇന്ന് മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസിനെ നേരിടും. മുംബൈ ബ്രാബോൺ സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം.

✪✪✪

ഭൂവനേശ്വറിൽ ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ഗോകുലം കേരള എവേ മത്സരത്തിൽ ഇന്ന്, ഒഡിഷ FC യെ നേരിടും. സീസണിൽ ഏഴു മത്സരം പൂർത്തിയാക്കിയ ഗോകുലം 17 പോയിന്റുമായി പട്ടികയിൽ രണ്ടാം സ്ഥാനത്താണ്.

✪✪✪

വയനാട് ജില്ലയിലെ ആദ്യ പാസ്പോർട്ട് സേവ കേന്ദ്രം കൽപ്പറ്റ ഹെഡ് പോസ്റ്റ് ഓഫീസിൽ അടുത്തമാസം ആരംഭിക്കുമെന്ന് കേന്ദ്ര പോസ്റ്റൽ സർവ്വീസ് ബോർഡ് അംഗം വീണ R ശ്രീനിവാസ് അറിയിച്ചു. കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ആസ്പിരേഷണൽ പദ്ധതികളുടെ ജില്ലാതല അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

✪✪✪

മൂന്ന് ദിവസത്തെ 'സമം' സാംസ്കാരികോത്സവത്തിന് കാസർഗോഡ് അമ്പലത്തുകരയിൽ തുടക്കമായി. സാംസ്കാരിക സമ്മേളനം നടി ഗായത്രി വർഷ ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ സാംസ്കാരിക സ്വാതന്ത്ര്യം ഇനിയുമേറെ കൈവരിക്കാനുണ്ടെന്ന് ഗായത്രി വർഷ പറഞ്ഞു.

✪✪✪

പ്രശസ്ത പൂരക്കളി -മറുത്തുകളി ആചാര്യനും സംസ്കൃത പണ്ഡിതനുമായ കണ്ണൂർ കരിവെള്ളൂർ കുണിയനിലെ V.P-ദാമോദരൻ പണിക്കർ നിര്യാതനായി. 84 വയസ്സായിരുന്നു.

കേരള സംഗീത നാടക അക്കാദമിയുടെയും, ഫോക് ലോർ അക്കാദമിയുടെയും പുരസ്കാരങ്ങളും, ഫെല്ലോഷിപ്പുകളും ഉൾപ്പെടെ ബഹുമതികൾ നേടിയിട്ടുണ്ട്. ആകാശവാണി, ദൂരദർശൽ കാലാകാരൻകൂടിയായിരുന്നു അദ്ദേഹം. സംസ്കാരം രാവിലെ കുണിയനിലെ സമുദായ ശ്മശാനത്തിൽ നടത്തും.

✪✪✪

കണ്ണൂർ ജില്ലയിൽ മഴക്കാല പൂർവ്വ രോഗ പ്രതിരോധ ജനകീയ കാമ്പയിൻ ആരംഭിക്കാൻ ആരോഗ്യ വകുപ്പ് തീരുമാനിച്ചു. 'മഴയെത്തും മുമ്പേ മാറ്റാം മാലിന്യം-കാക്കാം ആരോഗ്യം' എന്നതാണ് ക്യാമ്പയിൻ മുദ്രാവാക്യം. ഏപ്രിൽ 19 നകം പരമാവധി മാലിന്യ നിർമാർജ്ജ്ന പ്രവർത്തനങ്ങൾ നടത്തി രോഗപ്രതിരോധ നടപടികൾ തീവ്രമാക്കാനാണ് തീരുമാനം.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*News Team: സയ്യിദ് അലി ശിഹാബ്*
*DEO: ഷീബ*